**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.240** **04/06/2018 ൽ മറുപടിയ്ക്ക്.**

**ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷന്റെ നിവേദനം**

**ചോദ്യം**
**ശ്രീ. ആന്റണി ജോൺ**

**മറുപടി**
**പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ 22-12-2017 ൽ G-171203845 എന്ന നമ്പറിൽ ബഹു. മുഖ്യമന്ത്രിക്ക് നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | 'ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസ്സോസ്സിയേഷൻ ഓഫ് കേരള' ജനറൽ സെക്രട്ടറി ശ്രീ.ഇക്ബാൽ.പി.എച്ച്. നൽകിയ പ്രസ്തുത നിവേദനം മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ 20/12/2017-നു ലഭിക്കുകയും തുടർന്ന് അന്നേദിവസം തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി സംസ്ഥാനപോലീസ് മേധാവിക്ക് നല്കിയിട്ടുള്ളതുമാകുന്നു. ഉച്ചഭാഷിണിയുടെ ഉപയോഗം നിലവിലെ നിയമങ്ങൾക്കു വിധേയമായിതന്നെ തുടരുന്നതാണ് അഭികാമ്യം എന്ന് പ്രസ്തുത റിപ്പോർട്ടിൽ ബോധിപ്പിച്ചിരിക്കുന്നു. എന്നാൽ നിയമാനുസരണം ഉച്ചഭാഷിണി ഉപയോഗിക്കുവാൻ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യവും സുഗമവുമാക്കാൻ നടപടി വേണമെന്ന് മുഖ്യമന്ത്രി പോലീസ് മേധാവിയോട് നിർദേശിച്ചിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി, സി.സി.റ്റി.എൻ.എസ്-ന്റെ ഭാഗമായ സിറ്റിസൺ പോർട്ടലിൽ കൂടി ഉച്ചഭാഷിണി ഉപയോഗത്തിന് അനുവാദം നൽകുന്നത് സാധ്യമാക്കാനാവുമോ എന്നത് പരിശോധിക്കാൻ എഡിജിപി (എസ്.സി.ആർ.ബി.)- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.